# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2458 23.01.2014- ൽ മറുപടിക്ക്

### കരീലകുളങ്ങര സ്പിന്നിംഗ് മില്ലിലെ തീപിടിത്തം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.സി.കെ.സദാശിവൻ | | ശ്രീ.പി.കെ കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും<br>വകുപ്പ് മന്ത്രി) | |
| (എ) | കായംകുളം കരീലകുളങ്ങര സ്പിന്നിംഗ് മില്ലിൽ ഇടയ്ക്കിടെയുണ്ടാകുന്ന തീ പിടിത്തം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | എങ്കിൽ ഭാവിയിൽ ഇത്തരം അപകടങ്ങൾ ഒഴിവാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ; | (ബി) | 2011 ഫെബ്രുവരിയിൽ നടന്ന വലിയ തീപിടുത്തം 11.കെ.വി ലൈൻ പൊട്ടി കോട്ടൺ ഗോഡൗണിന്റെ മുകളിൽ വീണതുമൂലം സംഭവിച്ചതാണ്. അതിന് ഇൻഷ്വറൻസ് പരിരക്ഷ ഉണ്ടായിരുന്നതും ക്ലെയിം ലഭിച്ചിട്ടുള്ളതുമാണ്. ഇത്തരത്തിലുള്ള സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ മുഴുവൻ സമയ ഇലക്ട്രിക്കൽ സൂപ്പർവൈസറിനെ നിയമിക്കുകയും പ്രതിരോധ നടപടികൾ എടുക്കുകയും ചെയ്തിട്ടുണ്ട്. മാത്രമല്ല 25,000 സ്പിന്റിലുകളുടെ പ്രോജക്ടിന്റെ പകുതി മാത്രമേ ഇപ്പോൾ പ്രവർത്തനസജ്ജമായിട്ടുള്ളൂ. ആയതിനാൽ ഇതിനുവേണ്ട ഫയർ ഫൈറ്റിംഗ് സിസ്റ്റം പൂർണ്ണമായും സ്ഥാപിക്കാൻ സാധിച്ചിട്ടില്ല. പ്രോജക്ട് കമ്മീഷനോടനുബന്ധിച്ച് ഫയർ ഫൈറ്റിംഗ് സിസ്റ്റം കൂടെ കരുതുന്നതാണ്. 2012 സെപ്തംബറിൽ ഇലക്ട്രിക് ഷോർട്ട് സർക്യൂട്ട് മൂലം ബ്ലോ റൂമിന്റെ കപ്പാസിറ്റർ പൊട്ടിത്തെറിച്ച് ചെറിയ തീപിടുത്തം ഉണ്ടാവുകയും കൂടാതെ 2012-ൽ സിംപ്ലെക്സ് മെഷീനിൽ ഇലക്ട്രിക് ഷോർട്ട് സർക്യൂട്ട് മൂലം പൊട്ടിത്തെറി ഉണ്ടാവുകയും ചെയ്തതല്ലാതെ |

| | | | |
|---|---|---|---|
| | | | ഇൻഷ്വറൻസ് ക്ലെയിം ലഭിക്കത്തക്കവിധമുള്ള നഷ്ടം ഒന്നും സംഭവിച്ചിട്ടില്ല. 2013 നവംബർ 11-ാം തീയതി കമ്പനിയുടെ ബ്ലോറും സെല്ലാറിൽ തീപിടിക്കുകയും ഫയർഫോഴ്സിന്റേയും പോലീസിന്റേയും ജീവനക്കാരുടെയും ശ്രമഫലമായി തീ നിയന്ത്രണ വിധേയമാക്കുകയും ചെയ്തു. അടിക്കടി തീപിടുത്തം ഉണ്ടാകുന്നതിനാൽ കരിയിലക്കുളങ്ങര പോലീസ് സ്റ്റേഷനിൽ അന്നേ ദിവസം വൈകിട്ട് 11.45 ന് തന്നെ മൊഴി കൊടുത്ത് കേസ് ഫയൽ ചെയ്യുകയും അതനുസരിച്ച് 12.11.2013 ന് വിരലടയാള വിദഗ്ധരും 13.11.2013 ന് രാസപരിശോധനാ വിദഗ്ധരും മിൽ സന്ദർശിച്ച് തെളിവെടുപ്പ് നടത്തുകയും ചെയ്തു. ഭാവിയിൽ തീപിടുത്തം ഉണ്ടാകുന്നത് ഒഴിവാക്കാൻ കരുതൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തീപിടുത്തം മൂലം വൻതോതിൽ നാശനഷ്ടങ്ങൾ ഒന്നും സംഭവിച്ചിട്ടില്ല. |
| (സി) | പ്രസ്തുത സ്ഥാപനത്തിലെ ജനറൽ മാനേജർക്കെതിരായി തൊഴിലാളികൾ ഉന്നയിച്ചിട്ടുള്ള പരാതി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഡി) | എങ്കിൽ ഈ വിഷയത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ? | (ഡി) | ജനറൽ മാനേജരായിരുന്ന ശ്രീ.ജയകൃഷ്ണനെ അന്വേഷണ വിധേയമായി സസ്പെന്റ് ചെയ്തിട്ടുണ്ട്. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ